## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 253 | 28.11.2018 ൽ മറുപടിയ്ക്ക് |
|---|---|
| **സമ്പുഷ്ടകേരളം പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**<br>**ശ്രീ. പി. വി. അൻവർ**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. സി. കെ. ഹരീന്ദ്രൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകളിലെയും കുട്ടികളിലെയും പോഷണക്കുറവ് പരിഹരിക്കുന്നതിനായി സമ്പുഷ്ട കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) ന്യൂനപോഷണം തടയുന്നതിന് കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന സംയോജിത ശിശു വികസന പദ്ധതികൾ (ICDS), പ്രധാനമന്ത്രി മാതൃവന്ദന യോജന (PMMVY), കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (SAG), ജനനി സുരക്ഷ യോജന (JSY), ദേശീയ ആരോഗ്യമിഷൻ (NHM), ശുചിത്വ മിഷൻ, കുടിവെള്ളം, പൊതുവിതരണ സംവിധാനം (PDS), പഞ്ചായത്ത് തുടങ്ങിയ പദ്ധതികൾ പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനിലെ വാർഡ് തലത്തിലുള്ള Village Health Sanitation & Nutrition Committee കൾ വഴി ചുവടെ ചേർക്കുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.<br>1. വനിത ശിശു വികസന വകുപ്പ്<br>2. തദ്ദേശ സ്വയംഭരണ വകുപ്പ്<br>3. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ്<br>4. പൊതു വിദ്യാഭ്യാസ വകുപ്പ്<br>5. പട്ടിക ജാതി വകുപ്പ്<br>6. പട്ടിക വർഗ്ഗ വകുപ്പ് |

| | |
|---|---|
| | 7. ആയുഷ് വകുപ്പ്<br>8. ജല വകുപ്പ്<br>9. കൃഷി വകുപ്പ്<br>10. മൃഗ സംരക്ഷണ വകുപ്പ്<br>11. കുടുംബശ്രീ<br>12. ആരോഗ്യ വകുപ്പ്<br>13. പഞ്ചായത്ത് വകുപ്പ്<br>14. നഗരകാര്യ വകുപ്പ്<br>15. ഡയറി ഡവലപ്പ്മെന്റ് വകുപ്പ്<br>16. ശുചിത്വ മിഷൻ<br>17. ജലനിധി |
| (സി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) നാഷണൽ ന്യൂട്രീഷൻ മിഷൻ അഥവാ സമ്പുഷ്ട കേരളം അങ്കണവാടികൾ വഴി നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലുള്ളത്. ഐ.സി.ഡി.എസ്-ന്റെ ഗുണഭോക്താക്കളായ 6 വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരാണ് ടി പദ്ധതിയുടെയും ഗുണഭോക്താക്കൾ. |
| (ഡി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കിയതിന് കേന്ദ്രസർക്കാരിന്റെ ബഹുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) ഉണ്ട്. നാഷണൽ ന്യൂട്രീഷൻ മിഷന്റെ ഭാഗമായി 2018 സെപ്റ്റംബർ മാസം രാജ്യത്തുടനീളം 'പോഷൺ മാഹ്' സംഘടിപ്പിച്ചതിൽ മികച്ച അങ്കണവാടി പ്രവർത്തകരെയും ഉദ്യോഗസ്ഥരെയും ആദരിക്കുന്ന പുരസ്കാര ചടങ്ങിൽ മികച്ച State Convergence Action Plan തയ്യാറാക്കിയതിനുള്ള പുരസ്കാരത്തിനു കേരളം അർഹമായി. 2018 ഒക്ടോബർ 10-ാം തീയതി ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ വച്ച് ടി പുരസ്കാരം ഏറ്റു വാങ്ങി. |

സെക്ഷൻ ഓഫീസർ